ജുമൈൽ കൊടിഞ്ഞി

# തർക്കം നേരിലെത്തിക്കില്ല

## عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: أَبْغَضُ الرِّجَالِ إِلَى اللَّهِ الأَلَدُّ الْخَصِمُ (بخاری، مسلم)

**പ്രവാചകൻ (സ) പറഞ്ഞതായി ആഇശ (റ) നിവേദനം ചെയ്യുന്നു: ''പിടിവാശിയോടെ തർക്കിക്കുന്നവനാണ് അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ കോപത്തിന് പാത്രമാകുന്നവൻ'' (ബുഖാരി, മുസ്‌ലിം).**

തർക്കം വ്യക്തികൾക്കായാലും സംഘടനകൾക്കായാലും ഉപകാരത്തേക്കാൾ ഉപദ്രവമാണുണ്ടാക്കുക. അതിന് അടിസ്ഥാന കാരണം തർക്കത്തിന്റെ മനശ്ശാസ്ത്രമായി പ്രവർത്തിക്കുന്നത് അഹങ്കാരമാണ് എന്നതാണ്. തർക്കത്തിൽ ആരാണ് ജയിക്കുകയെന്നത് അഭിമാനത്തിന്റെയും അന്തസ്സിന്റെയും അടയാളമാകുന്നതോടെ സത്യം വിജയിക്കുക എന്നതിനേക്കാൾ അപരനെ ഇരുത്തുന്നതിനാകും പരിഗണന. നേരിട്ടുള്ള സംവാദങ്ങൾക്കും പുതിയ സാമൂഹിക മാധ്യമങ്ങളിലെ തർക്കങ്ങൾക്കുമെല്ലാം ഇത് ബാധകമാണ്. ഈ മനശ്ശാസ്ത്രം മനസ്സിലാക്കി പ്രവാചകൻ (സ) പഠിപ്പിച്ച വാക്കുകൾ എത്ര സുന്ദരമാണെന്ന് നോക്കുക! ''അഹങ്കാരമെന്നാൽ സത്യത്തെ അവഗണിക്കലും ജനങ്ങളെ നിസ്സാരമാക്കലുമാകുന്നു'' (മുസ്‌ലിം).

ആളുകളോട് തർക്കിക്കുന്നതിനും അവരോട് വിജയിച്ചെന്നു പറയാനും ഗവേഷണങ്ങൾ നടത്തുന്നതും പ്രാമാണികവും പൗരാണികവുമായ ഉദ്ധരണികൾ തേടി നടക്കുന്നതും വലിയ തെറ്റും കുറ്റവുമാണെന്ന് പ്രവാചകാധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാം. പ്രവാചകൻ പഠിപ്പിച്ചു: ''വിഡ്ഢികളോട് തർക്കിക്കാനോ പണ്ഡിതന്മാരോട് അഹങ്കരിക്കാനോ ജനങ്ങളുടെ ശ്രദ്ധ തന്നിലേക്ക് തിരിക്കാനോ ആരെങ്കിലും അറിവ് അന്വേഷിച്ചാൽ അവൻ നരകത്തിലാണ്'' (തിർമിദി, ഇബ്നുമാജ). ഏതെങ്കിലും തരത്തിലുള്ള തർക്കത്തിൽ പങ്കാളികളാകുന്ന ഓരോ മുസ്‌ലിമും താൻ ഇത്തരക്കാരിൽ ഉൾപ്പെടുന്നില്ലെന്ന് ഉറപ്പിച്ചശേഷമേ അതിന് മുതിരാവൂ എന്നാണ് പ്രവാചകൻ ഓർമിപ്പിക്കുന്നത്.

നേർവഴി കണ്ടെത്താൻ സഹായകമാകുന്ന ഒരു രീതിയായി പലപ്പോഴും ആളുകൾ തർക്കത്തെ കാണാറുണ്ട്. എന്നാൽ തർക്കം ശക്തിപ്പെടുന്നതിനനുസരിച്ച് നേർവഴിയിൽ നിന്ന് ഇരുപക്ഷവും അകലത്തിലാകാനാണ് സാധ്യത. പ്രവാചകൻ ഒരിക്കൽ പറഞ്ഞു: ''ഒരു സമൂഹം അത് നിലയുറപ്പിക്കുന്ന നേർവഴിയിൽനിന്ന് തെറ്റിപ്പോവുകയില്ല; തർക്കത്തിന്റെ ആധിക്യം കൊണ്ടല്ലാതെ.'' തുടർന്ന് പ്രവാചകൻ വിശുദ്ധ ഖുർആനിലെ ഈ വാക്യങ്ങൾ ഓതി: ''അവർ ചോദിക്കുന്നു: ഞങ്ങളുടെ ദൈവങ്ങളാണോ ഉത്തമം; അതല്ല ഇവനോ? അവർ നിന്നോട് ഇതെടുത്തുപറയുന്നത് തർക്കത്തിനുവേണ്ടി മാത്രമാണ്. എന്നാലവർ തീർത്തും താർക്കികരായ ജനം തന്നെയാണ്''-*അസ്സുഖ്റുഫ്:* 58 (തിർമിദി).

തർക്കിക്കുന്ന വിഷയങ്ങളിൽ ഒരു വിശ്വാസിക്ക് രണ്ട് അവസ്ഥകളുണ്ടാകാം:

1) വിശ്വാസി തർക്കിക്കേണ്ടിവരുന്ന ആൾ വെറും തർക്കം മാത്രം ലക്ഷ്യം വെക്കുന്നവനാവുകയെന്നതാണ് ഒരു സാധ്യത. അവന് സത്യം മനസ്സിലാക്കാനോ നേർവഴിയിലാകാനോ ഉദ്ദേശ്യമുണ്ടാവില്ല. ആളുകൾക്കിടയിൽ എതിരാളിയുടെ വിശ്വാസ്യത സംശയനിഴലിലാക്കുക, വാക്സാമർഥ്യം കൊണ്ട് എതിരാളിയെ കീഴടക്കുക ഇതൊക്കെയാകും ഇവിടെ തർക്കത്തിന്റെ ലക്ഷ്യം. ഇത്തരം സന്ദർഭങ്ങളിൽ അവിടെനിന്ന് പെട്ടെന്ന് ഒഴിഞ്ഞുമാറുകയാണ് വിശ്വാസി ചെയ്യേണ്ടത്. ഇബാദുർറഹ്മാന്റെ (പരമകാരുണികന്റെ അടിമകൾ) ഗുണവിശേഷണങ്ങൾ പറയുമ്പോൾ ഇക്കാര്യം അല്ലാഹു വ്യക്തമാക്കുന്നുണ്ട്: ''അവിവേകികൾ വാദകോലാഹലത്തിനു വന്നാൽ 'നിങ്ങൾക്കു സമാധാനം' എന്നുമാത്രം പറഞ്ഞൊഴിയുന്നവരാണവർ'' (*അൽഫുർഖാൻ:* 63).

2) സത്യം മനസ്സിലാക്കാനും നേർവഴിയിലെത്താനുമുള്ള ആഗ്രഹത്തോടെ നടക്കുന്ന തർക്കങ്ങളാണ് രണ്ടാമത്തെ സാധ്യത. അത്തരം തർക്കങ്ങൾ ഏറ്റവും നല്ല ഭാഷയിലും ശൈലിയിലുമായിരിക്കണമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ആളുകളോട് പ്രബോധനം നടത്തേണ്ട ശൈലിയും അതിന് ഉപയോഗിക്കേണ്ട ഹിക്മത്തുകളും ഓർമിപ്പിച്ചുകൊണ്ടാണ് 'നിങ്ങൾ ഏറ്റവും നല്ല കാര്യങ്ങൾ കൊണ്ട് അവരോട് തർക്കിക്കുക' എന്ന് അല്ലാഹു പഠിപ്പിക്കുന്നത് (*അൽ അഹ്സാബ്:* 125). മറ്റൊരിടത്ത് വേദക്കാരോട് നിങ്ങൾ തർക്കങ്ങൾക്ക് പോവുകയാണെങ്കിൽ അത് ഏറ്റവും നല്ല രീതിയിലും ഭാഷയിലുമായിരിക്കണമെന്നാണ് പഠിപ്പിക്കുന്നത്

(*അൽ അൻകബൂത്:* 46).

ഇനി ഇത്തരം തർക്കങ്ങളിൽ തന്നെ പാലിക്കേണ്ട മര്യാദകളെ കുറിച്ച് പ്രവാചകനും മുൻകഴിഞ്ഞ മഹാന്മാരും ഉത്തമപാഠങ്ങൾ നൽകുന്നുണ്ട്. ഞാൻ പറയുന്നത് തെറ്റാവാൻ സാധ്യതയുള്ള ശരിയാണെന്നും എതിരാളി പറയുന്നത് ശരിയാവാൻ സാധ്യതയുള്ള തെറ്റാണെന്നും അംഗീകരിച്ചാൽ മാത്രമേ സംവാദത്തിലൂടെ ക്രിയാത്മകമായ കാര്യങ്ങൾ ഉൽപാദിപ്പിക്കപ്പെടൂ. പല പണ്ഡിതന്മാരും സംവാദങ്ങൾ തുടങ്ങിയിരുന്നത് ഈ ശൈലിയിലുള്ള ആമുഖത്തിനു ശേഷമായിരുന്നെന്ന് കാണാനാകും. ഇമാം ശാഫിഈ(റ) യുടെ ഒരു വാചകം കാണുക: ''അല്ലാഹുവേ, ഞങ്ങളുടെ ഹൃദയങ്ങളിലും നാവുകളിലും നീ സത്യത്തെ നടപ്പിലാക്കേണമേ. സത്യം എന്റെ കൂടെയാണെങ്കിൽ അവനെ എന്നെ പിൻപറ്റാൻ തുണക്കണേ, സത്യം അവന്റെ കൂടെയാണെങ്കിൽ അവനെ പിൻപറ്റാൻ എന്നെ തുണക്കണേ!' എന്ന് പ്രാർഥിക്കാതെ ഞാൻ ഒരാളോടും തർക്കിക്കാറില്ല.''

സത്യം തന്റെ ഭാഗത്താണെന്ന് ഉറപ്പുണ്ടായിരിക്കെ തർക്കം നീണ്ടുപോകുന്നതിലെ പ്രശ്നങ്ങളും അതിലൂടെ ഉണ്ടായേക്കാവുന്ന വഴികേടുകളും എതിരാളി വാശിയുടെ ഭാഗമായി തെറ്റിൽ ഉറച്ചുനിൽക്കാനുള്ള സാധ്യതയും കണക്കിലെടുത്ത് തർക്കത്തിൽനിന്ന് പിന്മാറുന്നതിന് പ്രത്യേക പ്രതിഫലമുണ്ടെന്ന് പ്രവാചകൻ (സ) പഠിപ്പിച്ചിട്ടുണ്ട്. പ്രവാചകൻ ഒരിക്കൽ പറഞ്ഞു: ''തന്റെ ഭാഗത്ത് ന്യായമുണ്ടായിരിക്കെ തർക്കം ഉപേക്ഷിച്ചവന് സ്വർഗത്തിന്റെ മധ്യത്തിൽ ഞാനൊരു പാർപ്പിടം ഉറപ്പുനൽകുന്നു'' (അബൂദാവൂദ്).

തർക്കത്തെ കുറിച്ച് ചില മഹാന്മാരുടെ വാചകങ്ങൾ കാണുക.

ഇബ്നു അബ്ബാസ് (റ) പറഞ്ഞു: ''നീ തർക്കങ്ങളിൽ തുടർന്നുകൊണ്ടിരിക്കുകയെന്നതു തന്നെ നീ ചെയ്യുന്ന അക്രമമാണ്. എല്ലാറ്റിലും സംശയം പുലർത്തുകയെന്നതുതന്നെ നീ ചെയ്യുന്ന തിന്മയാണ്.''

ഇബ്നു അബീസ്സിനാദ് എന്ന പണ്ഡിതൻ പറയുന്നു: ''സമാനമായ ഒരു തർക്കത്തിലൂടെ പൊളിക്കാവുന്നതല്ലാത്ത ഒരു കാര്യവും തർക്കത്തിലൂടെ സ്ഥാപിക്കാനാവില്ല.''

ഔസാഈ (റ) പറഞ്ഞു: ''അല്ലാഹു ഒരു സമുദായത്തിന് തിന്മ ഉദ്ദേശിച്ചാൽ അവരെ തർക്കത്തിൽ വ്യാപൃതരാക്കും. പ്രവർത്തനങ്ങളിൽനിന്ന് തടയും.'' മുസ്ലിം (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു: ''നിങ്ങൾ തർക്കത്തെ സൂക്ഷിക്കുക. നിശ്ചയമായും അത് പണ്ഡിതന്റെ അജ്ഞതയുടെ സമയമാണ്. അതിലൂടെയാണ് പിശാച് അവനെ വഴിതെറ്റിക്കാൻ ശ്രമിക്കുക.''

അബ്ദുല്ലാഹിബ്നു ഹുസൈൻ ബിൻ അലി (റ) പറഞ്ഞു: ''തർക്കം കോപത്തെയുണ്ടാക്കുന്നു. കോപമുള്ള ബുദ്ധിയെ അല്ലാഹു നിന്ദ്യമാക്കിയിരിക്കുന്നു.''

മുഹമ്മദുബ്നു അലി ബിൻ ഹുസൈൻ (റ) പറയുന്നു: ''തർക്കം ദീനിനെ നിസ്സാരമാക്കുന്നു. ആളുകളുടെ ഹൃദയങ്ങളിൽ ശത്രുതയുണ്ടാക്കുകയും ചെയ്യുന്നു.''

അബ്ദുല്ലാഹിബ്നു ഹസനു ബ്നു ഹുസൈൻ പറഞ്ഞു: ''തർക്കം മുൻകാലത്ത് ചെയ്ത ധർമങ്ങളെ നിരർഥകമാക്കുന്നു. ശക്തമായ ബന്ധങ്ങളെപോലും അത് ദുർബലമാക്കുന്നു. തർക്കങ്ങളിൽ ചിലത് എതിരാളിയെ അതിജയിക്കാനുള്ള വഴികളാവാറുണ്ട്. എന്നാൽ അതിജയിക്കൽ എല്ലാ ബന്ധങ്ങളെയും മുറിക്കുന്ന കാര്യമാണ്.''

തർക്കം ജീവിതത്തിന്റെ ക്രിയാത്മകതയെ പാഴാക്കുകയും ആളുകളുടെ സമയം നഷ്ടപ്പെടുത്തുകയും ചെയ്യും. വ്യക്തികളുടെ തർക്കങ്ങൾ ഒരു വ്യക്തിയുടെ കഴിവും സമയവുമാണ് പാഴാക്കുക. എന്നാൽ സംഘടനകളുടെ തർക്കങ്ങൾ അതിലെ നേതാക്കളുടെയും അണികളുടെയും സമയവും കഴിവും വ്യർഥമാക്കുന്നതിനു പുറമെ സമുദായത്തിന്റെയും സമൂഹത്തിന്റെയും ക്രിയാത്മകതയും സമ്പാദ്യങ്ങളും സമാധാനവും ഇല്ലാതാക്കും. അതിനാലാണ് ഇത്തരം കുതർക്കികളെ അല്ലാഹു ഏറ്റവും കോപത്തോടെയാണ് പരിഗണിക്കുകയെന്ന് പ്രവാചകൻ (സ) പഠിപ്പിച്ചത്. ●